## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.03.2026**

### പ്രധാനവാർത്തകൾ

1. പാർലമെൻറിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. 2026 ലെ ധനകാര്യ ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ മറുപടി നൽകുന്നു.

2. പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ ഇന്ന് സർവകക്ഷി യോഗം വിളിച്ചു.

3. സംസ്ഥാനത്ത് നിയമസഭ തിരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിച്ചു. മുതിർന്ന നേതാക്കളെ രംഗത്തിറക്കി മുന്നണികൾ.

4. തിരഞ്ഞെടുപ്പ് പശ്ചാത്തലത്തിൽ സമൂഹമാധ്യമങ്ങൾവഴി തെറ്റായ വിവരങ്ങളും വ്യാജ വാർത്തകളും പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന പൊലീസ്.

5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അൾട്രാവയലറ്റ് സൂചിക ഉയരുന്ന പശ്ചാത്തലത്തിൽ ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

6. ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിന് ഇന്ന് ഛത്തീസ്ഗഡിൽ ട്രാക്കുണരും.

RNUTVPM

***************************************

## പാർലമെൻറ്

പാർലമെൻറിൽ നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. 2026 ലെ ധനകാര്യ ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ മറുപടി നൽകുകയാണ്. 2025 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി കോഡ് (ഭേദഗതി) ബിൽ ലോക്സഭ ഇന്ന് പരിഗണിക്കും. 2026 ലെ സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് (ജനറൽ അഡ്മിനിസ്ട്രേഷൻ) ബിൽ ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് രാജ്യസഭയിൽ, അവതരിപ്പിക്കും. ട്രാൻസ്ജെൻഡർ (അവകാശ സംരക്ഷണം) നിയമം, 2019 ഉം ഇന്ന് സഭയുടെ പരിഗണനയ്ക്ക് വരും.

***********************************************

## സർവകക്ഷി യോഗം

പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ ഇന്ന് വൈകുന്നേരം സർവകക്ഷി യോഗം വിളിച്ചു. പ്രതിപക്ഷ പാർട്ടികളുമായി നിലവിലുള്ള സാഹചര്യം ചർച്ച ചെയ്യുന്നതിനാണ് യോഗം വിളിച്ചിരിക്കുന്നതെന്ന് കേന്ദ്രമന്ത്രി പ്രഹ്ലാദ് ജോഷി പറഞ്ഞു. പശ്ചിമേഷ്യയിൽ നടന്നുകൊണ്ടിരിക്കുന്ന സംഘർഷത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി പാർലമെന്റിന്റെ ഇരുസഭകളിലും നേരത്തെ പ്രസ്താവന നടത്തിയിരുന്നു.

***********************************************

## നിയമസഭ തിരഞ്ഞെടുപ്പ്

സംസ്ഥാനം നിയമസഭ തിരഞ്ഞെടുപ്പ് ചൂടിൽ. പ്രചാരണത്തിനായി മുതിർന്ന നേതാക്കളെ അടക്കം എത്തിക്കാൻ തയ്യാറെടുക്കുകയാണ് മുന്നണികൾ. എൻ.ഡി.എയുടെ

PIJU TVPM

പ്രചാരണത്തിനായി പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, ധനമന്ത്രിയും പാർട്ടി നേതാവുമായ നിർമല സീതാരാമൻ തുടങ്ങിയവർ വരും ദിവസങ്ങളിൽ കേരളത്തിൽ എത്തും. കേന്ദ്രസഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ് ഗോപി ബേപ്പൂർ മണ്ഡലത്തിൽ ഇന്ന് റോഡ് ഷോയിൽ പങ്കെടുക്കും. ലോക്സഭാ പ്രതിപക്ഷ നേതാവും മുതിർന്ന കോൺഗ്രസ് നേതാവുമായ രാഹുൽഗാന്ധി യു.ഡി.എഫിനായി ഇന്ന് കോഴിക്കോട്ട് പ്രചാരണം നടത്തും. പ്രതിപക്ഷ നേതാവും യുഡിഎഫ് ചെയർമാനുമായ വി ഡി സതീശൻ ഇന്ന് ഒറ്റപ്പാലത്ത് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. സിപിഐ എം നേതാക്കളായ എം എ ബേബി, പ്രകാശ് കാരാട്ട്, ബൃന്ദാ കാരാട്ട് തുടങ്ങിയവർ വരും ദിവസങ്ങളിൽ എൽ.ഡി.എഫ് പ്രചാരണത്തിൽ സജീവമാകും. 140 മണ്ഡലങ്ങളിലേക്കും അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. മെയ് നാലിനാണ് വോട്ടെണ്ണൽ.

RNU TVPM

************************************

## തിരഞ്ഞെടുപ്പ് - പ്രതികരണം

പ്രതിപക്ഷം നുണകൾ പറഞ്ഞു പരത്തുന്നതായി മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ കോട്ടയത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. അഴിമതിക്കെതിരെ യുഡിഎഫിന്റെ പോരാട്ടം തുടരുമെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല കോഴിക്കോട് പറഞ്ഞു. NDA യിൽ ജനങ്ങൾക്കുള്ള വിശ്വസവും പ്രതീക്ഷയും തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്ന് BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കൊല്ലം പ്രസ് ക്ലബ്ബിന്റെ തെരഞ്ഞെടുപ്പ് സംവാദപരിപാടിയിൽ അഭിപ്രായപ്പെട്ടു.

**********************************

## നാമനിർദ്ദേശ പത്രിക (ഇൻട്രോ)

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ നടന്നു. സംസ്ഥാനത്താകെ 355 പത്രികകളാണ് നിരസിച്ചിട്ടുള്ളത്. 1,766 എണ്ണം സ്വീകരിച്ചു. മൂന്ന് പത്രികകൾ പിൻവലിച്ചു. വ്യാഴാഴ്ചവരെ പത്രിക പിൻവലിക്കാം.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്...............)

RNUTVPM

**********************************

## ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ

നിയമസഭാ പൊതു തിരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകളെക്കുറിച്ച് കേരളത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ സഞ്ജയ് കുമാർ, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, ജില്ലാ കലക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി ഓൺലൈനായി യോഗം ചേർന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ട ലംഘനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് അറിയിക്കാനുള്ള സി-വിജിൽ ആപ്പിന് ജനങ്ങൾക്കിടയിൽ നിന്നു ലഭിച്ച സ്വീകാര്യതയിൽ അദ്ദേഹം സന്തോഷം രേഖപ്പെടുത്തി.

**********************************

## സൈബർ പൊലീസ്

നിയമസഭാ തിരഞ്ഞെടുപ്പ് പശ്ചാത്തലത്തിൽ സമൂഹമാധ്യമങ്ങൾ വഴി തെറ്റായ വിവരങ്ങളും വ്യാജ വാർത്തകളും

പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന പൊലീസ്. പൊതുജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കുന്നതും തിരഞ്ഞെടുപ്പ് പ്രക്രിയയെ അട്ടിമറിക്കാൻ സാധ്യതയുള്ളതുമായ നിരവധി യുആർഎല്ലുകൾ ഇതിനകം നീക്കം ചെയ്തതായും നിയമവിരുദ്ധമായ ഉള്ളടക്കങ്ങൾ ഉൾപ്പെട്ട സമൂഹമാധ്യമ അക്കൗണ്ടുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും കേരള പൊലീസ് സൈബർ ഓപ്പറേഷൻസ് വിഭാഗം അറിയിച്ചു.

***********************************

## തിരഞ്ഞെടുപ്പ് - ഇടുക്കി (ഇൻട്രോ)

നിയമസഭാ തിരഞ്ഞെടുപ്പ് ആവേശത്തിൽ ഇടുക്കിയിലെ മലയോര മേഖലകൾ. അഞ്ച് മണ്ഡലങ്ങളിലും മുന്നണികൾ പ്രചരണ രംഗത്ത് സജീവമായതോടെ ജില്ലയിൽ തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായിക്കഴിഞ്ഞു. കാർഷിക വിഷയങ്ങളും പട്ടയ പ്രശ്നങ്ങളുമാണ് പ്രധാന ചർച്ചാവിഷയമാകുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്)

RNU TVPM

***********************************

## ആദ്യഘട്ട പരിശീലനം

നിയമസഭാ തിരഞ്ഞെടുപ്പ് പോളിംഗ് ജോലികൾക്കായി നിയമിക്കപ്പെട്ട പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ എന്നിവർക്കുള്ള ആദ്യഘട്ട പരിശീലനം ആരംഭിച്ചു. ഈമാസം 29 വരെയാണ് പരിശീലനം.

***********************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

************************************

## പ്രിന്റിംഗ് ഉൽപ്പന്നങ്ങൾ

നിയമസഭാ തിരഞ്ഞെടുപ്പിൽ നിരോധിത പ്രിന്റിംഗ് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ കോഴിക്കോട് ജില്ലയിൽ നിന്ന് 1000 കിലോ നിരോധിത പ്രിന്റിങ്ങ് സാധനങ്ങൾ പിടിച്ചെടുത്തു. ക്യു ആർ കോഡ് പതിക്കാത്തതും, പോളിസ്റ്റർ മിക്സഡ് തുണിയും ആണ് പിടിച്ചെടുത്തതിൽ കൂടുതലും.

RNUTVPM

************************************

## തിരഞ്ഞെടുപ്പ് - പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ ഒരാഴ്ചക്കിടെ നീക്കം ചെയ്തത് അരലക്ഷം അനധികൃത പ്രചാരണ സാമഗ്രികൾ. ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തത്. **വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

(വോയ്സ്)

************************************

## പശ്ചിമേഷ്യ-സംഘർഷം

പശ്ചിമേഷ്യയിലെ സംഘർഷം 26-ാം ദിവസത്തിലേക്ക് കടന്നു. മേഖലയിൽ ആക്രമണ-പ്രതിയാക്രമണങ്ങൾ തുടരുന്നതിനൊപ്പം പുതിയ നയതന്ത്ര നീക്കങ്ങളും ശക്തമാണ്. തെക്കൻ ലെബനനിൽ ഇസ്രയേൽ സേന പ്രവർത്തനം

ശക്തമാക്കി. സുരക്ഷാ കാരണങ്ങളാൽ ലിതാനി നദിവരെയുള്ള പ്രദേശങ്ങൾ നിയന്ത്രണത്തിൽ കൊണ്ടുവരാനാണ് സൈന്യത്തിന്റെ നീക്കമെന്ന് ഇസ്രയേൽ പ്രതിരോധമന്ത്രി വ്യക്തമാക്കി. ബെയ്റൂട്ടിന് സമീപം ഇസ്രയേൽ ആക്രമണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതേസമയം രണ്ടായിരത്തോളം സൈനികരെ പശ്ചിമേഷ്യയിലേക്ക് വിന്യസിക്കാൻ യു.എസ് ഉത്തരവിട്ടിട്ടുണ്ട്.

************************************

## കാലാവസ്ഥ-കേരളം

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉയർന്ന ചൂട് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും എന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. അൾട്രാവയലറ്റ് സൂചിക ഉയരുന്ന പശ്ചാത്തലത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ, കാസർകോട് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

RNU TVPM

************************************

## ഖേലോ ഇന്ത്യ

ആദ്യ 'ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ്' ഇന്ന് ഛത്തീസ്ഗഢിൽ ആരംഭിക്കും. ഏപ്രിൽ മൂന്ന് വരെ നീളുന്ന ഗെയിംസിൽ അത്‌ലറ്റിക്സും നീന്തലും ഉൾപ്പെടെ ഏഴ് കായിക ഇനങ്ങളിലാണ് മത്സരം. വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള മൂവായിരത്തിലധികം ഗോത്രവർഗ അത്‌ലറ്റുകൾ ഗെയിംസിൽ പങ്കെടുക്കും.

************************************

## ശബരിമല

ശബരിമലയിൽ 10 ദിനം നീണ്ടുനിൽക്കുന്ന പ്രധാനചടങ്ങുകളായ ഉത്സവബലി, ശ്രീഭൂതബലി ചടങ്ങുകൾ കണ്ടുതൊഴാൻ വലിയ ഭക്തജനത്തിരക്ക്. ഉച്ചപ്പൂജ പൂർത്തിയാക്കി ഉച്ചയ്ക്ക് ഉത്സവബലിയും വൈകിട്ടു അത്താഴപൂജയ്ക്ക് ശേഷം ശ്രീഭൂതബലിയും നടക്കും. 31 ന് പള്ളിവേട്ടയും ഏപ്രിൽ ഒന്നിനു രാവിലെ 11 ന് പമ്പയിൽ ആറാട്ടും നടക്കും. വെർച്വൽ ക്യൂ ബുക്കുചെയ്ത് ഭക്തർക്ക് ദർശനം നടത്താം.

******************************************

## ഹജ്ജ്

ഹജ്ജ് കമ്മിറ്റി മുഖേന തെരഞ്ഞെടുക്കപ്പെട്ട തീർഥാടകർ അടക്കേണ്ട മൂന്നാമത്തെ ഗഡു തുക ഈ മാസം 31-നകം അടക്കണമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. തീർത്ഥാടകർ അവരുടെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് അടിസ്ഥാനത്തിലാണ് തുക അടക്കേണ്ടത്. ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ അടക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകും.

RNU TVPM

******************************************

## ചമയവിളക്ക്

കൊല്ലം ചവറ കൊറ്റൻകുളങ്ങര ദേവീക്ഷേത്രത്തിലെ ചമയവിളക്ക് മഹോത്സവത്തിന് ഇന്ന് സമാപനമാകും. ആദ്യദിനത്തിൽ നൂറ് കണക്കിന് പുരുഷന്മാർ സ്ത്രീവേഷം അണിഞ്ഞ് വിളക്കെടുത്തു.

************************************************************************